## പതിമൂന്നാം കേരള നിയമ സഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1164      21-03-2013 -ലെ മറുപടിക്ക്

## പ്രകൃതിക്ഷോഭ റോഡുകളുടെ പുനരുദ്ധാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | **ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് അനുവദിക്കുന്ന പ്രകൃതിക്ഷോഭ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഇംപ്ലിമെന്റിംങ് ഓഫീസർ ആരാണെന്ന് അറിയിക്കാമോ ; | എ) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നുള്ള റോഡ് പുനരുദ്ധാരണ പ്രവർത്തികളുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കാണ്. |
| ബി) | മേൽ പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ ജി.ഒ (ആർ.ടി) നമ്പർ. 4750/2011/ ഡി.എം.ഡി തീയതി 27.10.2011 ഉത്തരവ് പ്രകാരം പുല്ലൂർ – പെരിയ പഞ്ചായത്തിൽ അനുവദിച്ച രണ്ട് റോഡുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; | ബി) | പൂർത്തീകരിച്ചിട്ടില്ല. കറ്റിക്കോൽ, പുല്ലൂർ-പെരിയ പഞ്ചായത്തുകളിൽ നിന്നും നിർവ്വഹണ അനുമതിക്കുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടില്ല. |
| സി) | ജില്ലാ കളക്ടർ ലെറ്റർ നം. കെ.1-46597/2011 തീയതി 18.11.2011 നം കെ.3/5817/2011 തീയതി 02.02.2012 നം എക്സിക്യൂഷൻ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും ഇതുവരെ ആയത് ചെയ്തിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | കറ്റിക്കോൽ, പുല്ലൂർ-പെരിയ പഞ്ചായത്തുകളിൽ നിന്നും നിർവ്വഹണ അനുമതി ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. |
| ഡി) | എങ്കിൽ കാലതാമസം വരുത്തി തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാക്കിയ സെക്രട്ടറിക്കെതിരെ നടപടി എടുക്കുന്നത് പരിഗണിക്കുമോ ? | ഡി) | പൂർത്തീകരണ കാലാവധി 2 വർഷമായി ഉയർത്തിയിട്ടുള്ളതിനാൽ പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തി റദ്ദാക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ